# Sree Sankaracharya University of Sanskrit, Kalady

**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**

തീയതി: 18.02.2026

**പ്രസിദ്ധീകരണത്തിന്**

## 1. സംസ്കൃത സർവ്വകലാശാല: ശ്രീശങ്കര കപ്പ് 19 ന് തുടങ്ങും

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീശങ്കര കപ്പ് 2026 വോളിബോൾ ടൂർണമെന്റ് ഫെബ്രുവരി 19, 20 തീയതികളിൽ സർവകലാശാലയുടെ കാലടി മുഖ്യ കാമ്പസിലെ വോളിബോൾ കോർട്ടിൽ സംഘടിപ്പിക്കും.

രണ്ട് ദിവസങ്ങളിലായി നടക്കുന്ന ടൂർണമെന്റിൽ കേരളത്തിലെ വിവിധ കോളേജുകൾ പങ്കെടുക്കും. കായിക പ്രേമികൾക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും മത്സരങ്ങൾ നേരിൽ കാണുവാൻ അവസരം ഒരുക്കിയിട്ടുണ്ടെന്ന് സർവകലാശാല അറിയിച്ചു.

## 2. സംസ്കൃത സർവ്വകലാശാല: പരീക്ഷകൾ മാർച്ച് 15 ന് തുടങ്ങും

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ ഒന്നാം സെമസ്റ്റർ പി. ജി. ഡിപ്ലോമ ഇൻ മാനുസ്ക്രിപ്റ്റോളജി (2025 അഡ്മിഷൻ) രണ്ടാം സെമസ്റ്റർ പി. ജി. ഡിപ്ലോമ ഇൻ സാൻസ്ക്രിറ്റ് കമ്പ്യൂട്ടേഷൻ ലിംഗ്വിസ്റ്റിക്സ് (2023, 2024 അഡ്മിഷനുകൾ) പരീക്ഷകളുടെ കോഴ്സ്/പരീക്ഷ രജിസ്ട്രേഷൻ എല്ലാ വിദ്യാർത്ഥികളും കോർ/ഇലക്ടീവ്/പ്രാക്ടിക്കൽ/പ്രൊജക്ട് ഉൾപ്പെടെ എല്ലാ കോഴ്സുകളും ഓൺലൈനായി രജിസ്റ്റർ ചെയ്യണമെന്ന് സർവ്വകലാശാല അറിയിച്ചു. എല്ലാ വിദ്യാർ ത്ഥികളും നാഷണൽ അക്കാദമിക് ഡിപ്പോസിറ്ററി പോർട്ടലിലും രജിസ്റ്റർ ചെയ്യേണ്ടതാണ്. കോഴ്സ് രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി ഫെബ്രുവരി 20. പരീക്ഷ രജിസ്ട്രേഷൻ ഫെബ്രുവരി 25 ന് ആരംഭിക്കും. പരീക്ഷ രജിസ്റ്റർ ചെയ്യുവാനുള്ള അവസാന തീയതി മാർച്ച് രണ്ട്. പരീക്ഷകൾ മാർച്ച് 15 ന് തുടങ്ങും.

**3.**




**ഫോട്ടോ അടിക്കുറിപ്പ്:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സംസ്കൃതം സാഹിത്യം, മലയാളം വിഭാഗങ്ങളുടെയും എൻ. വി. സ്മാരക സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ കാലടി മുഖ്യ കാമ്പസിലെ അക്കാദമിക് ബ്ലോക്ക് ഒന്നിലുള്ള സെമിനാർ ഹാളിൽ സംഘടിപ്പിച്ച എൻ. വി. അനുസ്മരണ സെമിനാറും എൻ. വിയുടെ പുസ്തക ശേഖരം കൈമാറലും വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ഉദ്ഘാടനം ചെയ്യുന്നു.

## 4. സംസ്കൃത സർവ്വകലാശാല: പഞ്ചദിന പരിശീലന പരിപാടി ആരംഭിച്ചു

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ അനധ്യാപക ജീവനക്കാർക്കായി ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ സംഘടിപ്പിക്കുന്ന പഞ്ചദിന പരിശീലന പരിപാടി സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിൽ ആരംഭിച്ചു. സിൻഡിക്കേറ്റ് അംഗം പ്രൊഫ. മാത്യൂസ് ടി. തെള്ളി പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ പ്രൊഫ. അജിത് കുമാർ കെ. വി. അധ്യക്ഷനായിരുന്നു. ജോയിന്റ് രജിസ്ട്രാർ സുഖേഷ് കെ. ദിവാകർ, അസിസ്റ്റന്റ് രജിസ്ട്രാർ മുഹമ്മദ് ഹാരിസ് എച്ച്. എന്നിവർ പ്രസംഗിച്ചു. കേരള സ്റ്റേറ്റ് ഐ. ടി. മിഷനാണ് നിർമ്മിത ബുദ്ധി സംബന്ധിച്ച ട്രെയിനിംഗ് സെഷനുകൾ നയിക്കുന്നത്. സർവ്വകലാശാലയുടെ എല്ലാ പ്രാദേശിക കാമ്പസുകളിലെയും ജീവനക്കാർ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

**ഫോട്ടോ അടിക്കുറിപ്പ്:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ അനധ്യാപക ജീവനക്കാർക്കായി ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ സംഘടിപ്പിക്കുന്ന പഞ്ചദിന പരിശീലന പരിപാടി സിൻഡിക്കേറ്റ് അംഗം പ്രൊഫ. മാത്യൂസ് ടി. തെള്ളി ഉദ്ഘാടനം ചെയ്യുന്നു.

## 5. ഡിജിറ്റൽ ഫ്യൂച്ചർ ഓഫ് സാൻസ്ക്രിറ്റ്: ടൂൾസ്, ടെക്നിക്സ് ആന്റ് ട്രെയിനിംഗ്: സപ്തദിന ദേശീയ ശില്പശാല സമാപിച്ചു

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സംസ്കൃതം ന്യായ വിഭാഗവും സംസ്കൃതം ജനറൽ വിഭാഗവും സംയുക്തമായി “Digital Future of Sanskrit: Tools, Techniques and Training” എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ ശില്പശാല സമാപിച്ചു. സംസ്കൃത പഠനത്തെയും ഗവേഷണത്തെയും ഡിജിറ്റൽ സാങ്കേതിക വിദ്യകളുമായി ഏകീകരിക്കുന്നതും ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്, ഡിജിറ്റൽ ടെക്സ്റ്റ് പ്രോസസ്സിംഗ് തുടങ്ങിയ വിവിധ മേഖലകളിൽ പരിശീലനം നൽകുന്നതിനുമായി സംഘടിപ്പിച്ച ശില്പശാലയുടെ സമാപന സമ്മേളനം സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസി മാത്യു ഉദ്ഘാടനം ചെയ്തു. ഡോ. ആതിര ജാതവേദൻ അധ്യക്ഷയായിരുന്നു. പ്രൊഫ. രേണുക കെ. സി., ഡോ. സരിത ടി. പി., ഡോ. ശിവജ എസ്. നായർ എന്നിവർ പ്രസംഗിച്ചു.

**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം. 9447123075